കെ.കെ ഹംസ മൗലവി, മാട്ടൂൽ

# സാഹചര്യങ്ങളുടെ സൃഷ്ടിയോ?

**മനുഷ്യന്റെ** വിശ്വാസാചാരങ്ങളും സ്വഭാവരീതികളും പെരുമാറ്റ സമ്പ്രദായങ്ങളും രൂപപ്പെടുത്തുന്നതിൽ സാഹചര്യങ്ങൾക്ക് വലിയ സ്വാധീനമുണ്ട്. താൻ ജനിച്ചു വളർന്ന കുടുംബം, സാമൂഹ്യാവസ്ഥ, രാഷ്ട്രീയ സ്ഥിതി ഇവയെല്ലാം ഓരോ മനുഷ്യനിലും വലിയ പ്രതിഫലനം സൃഷ്ടിക്കുന്നു. ഇവ സുബദ്ധമോ, അബദ്ധമോ എന്നത് വറെ കാര്യം.

ഒരു മാനദണ്ഡവുമില്ലാതെ മനുഷ്യൻ ഇങ്ങനെ സാഹചര്യത്തിനൊത്ത് മാറുന്നത് ന്യായീകരിക്കാനാവുമോ? സഗൗരവം ചിന്തിക്കേണ്ട വിഷയമാണ്. സാഹചര്യങ്ങൾക്കടിപ്പെട്ടേ കഴിയാവൂ എന്ന് ആരാണ് പറഞ്ഞത്? സർവാംഗീകൃതമായ തത്ത്വമല്ല അത്. നമ്മുടെ സാഹചര്യം നാമോ നമ്മെപ്പോലുള്ള മറ്റുള്ളവരോ സൃഷ്ടിക്കുന്നതു തന്നെയാണ്. അത് നല്ലതോ തിയ്യതോ ആവാം. വ്യക്തി,സാഹചര്യങ്ങളാൽ സ്വാധീനിക്കപ്പെടുന്നത് അവന്റെ ദൗർബല്യം കൊണ്ടാണ്. സാഹചര്യങ്ങളുടെ ശക്തികൊണ്ടല്ല.

സാഹചര്യങ്ങളുടെ സമ്മർദ്ദങ്ങൾക്ക് അടിപ്പെടാതെ നന്മ തിന്മകളെ വിവേചിച്ച് സ്വന്തം വഴി തേടുന്നവരാരോ അവരാണ് ആദർശത്തിൽ ആർജവം കാണിക്കുന്ന ധീരന്മാർ.വ്യക്തമായ വിവേചന ബോധത്തോടെ അവർ തങ്ങളുടെ ആചാര രീതികളും സമ്പ്രദായങ്ങളും ആവിഷ്കരിക്കുകയോ കണ്ടെത്തുകയോ ചെയ്യുന്നു. സാഹചര്യങ്ങൾക്ക് അവരെ വ്യതിചലിപ്പിക്കാനോ അന്ധമായി അനുകരിപ്പിക്കാനോ സാധിക്കുകയില്ല. എന്നാൽ സ്വന്തമായി അഭിപ്രായമോ വ്യക്തിത്വമോ ഇല്ലാത്തവർ സാഹചര്യങ്ങളുമായി ഒട്ടിപ്പിടിച്ചു നടക്കുകയും മറ്റുള്ളവരുടെ നിഴലായി വർത്തിക്കുകയും ചെയ്യുന്നു. പാപപ്രേരണകൾക്ക് വശംവദരായി അവർ തങ്ങളുടെ ജീവിതം തുലക്കുന്നു.

പരിതഃസ്ഥിതികളുടെ പ്രേരണകൾക്ക് അടിപ്പെടാതെ ജീവിക്കുന്ന നന്മേഛുക്കൾ സ്വന്തമായ അസ്തിത്വമുള്ളവരും ചുറ്റുപാടിനെ പരിവർത്തിപ്പിക്കാൻ കഴിവുള്ളവരുമാണ്. പക്വതയാർന്ന അവരുടെ ഇഛാശക്തി അജയ്യം തന്നെ.

അതേയവസരം ശരിയും തെറ്റും തീരുമാനിക്കാൻ പറ്റുന്ന മാനദണ്ഡം മനുഷ്യന്റെ പക്കലില്ല. മനഃസാക്ഷി എന്നൊന്നുണ്ടെങ്കിലും അതിന് ഏതുനിമിഷവും തെറ്റു പറ്റാം. ഒരു വ്യക്തിയുടെ മനഃസാക്ഷി പല കാരണങ്ങളാൽ പലതരം സമീപനങ്ങൾ സ്വീകരിക്കുക സ്വാഭാവികമാണ്. അതിനാൽ മനഃസാക്ഷിയുടെ വിധിതീർപ്പുകൾ ശരിയാണെന്ന് ഉറപ്പാക്കാനാവില്ല.

അപ്പോൾ മനുഷ്യന് തന്റെ ജീവിത ലക്ഷ്യം സാക്ഷാത്കരിക്കാൻ വെളിപാടുകളെ ആശ്രയിക്കുകയേ നിർവാഹമുള്ളൂ. തെരഞ്ഞെടുക്കപ്പെട്ട വിശിഷ്ട വ്യക്തികൾക്കു മാത്രമേ വെളിപാടുകൾ ലഭിക്കൂ. കാലം അവരെ തിരിച്ചറിയുകയും അംഗീകരിക്കുകയും ചെയ്യുന്നു. ഇന്നോളമുള്ള മനുഷ്യചരിത്രമതാണ്. മോസസും യേശുവും മുഹമ്മദ് നബിയും മറ്റു മനുഷ്യരിൽനിന്ന് വ്യത്യസ്തരായി കാണപ്പെടുന്നതും അതുകൊണ്ടാണ്.

വെളിപാടുകൾ ജീവിതത്തിന് വെളിച്ചം പകരുകയും പരാശക്തിയുമായുള്ള മനുഷ്യന്റെ ബന്ധം ഊട്ടിയുറപ്പിക്കുകയും ചെയ്യുന്നു. മാനവരാശിക്ക് സത്യത്തിന്റെ നിത്യസരണി തുറന്നുകാട്ടാൻ വെളിപാടുകളുടെ സമാഹാരങ്ങളായ വേദപുസ്തകങ്ങൾ സഹായിക്കുന്നു. ജ്ഞാന സ്നാനത്തിലൂടെ പാപങ്ങൾ പൊറുക്കപ്പെടുമെന്ന് വിശ്വസിച്ചുപോന്നിരുന്ന ജനവിഭാഗങ്ങളോട് വിശുദ്ധഖുർആൻ ആവശ്യപ്പെടുന്നത് ദൈവത്തിന്റെ വർണം സ്വീകരിച്ച് അവനോടുള്ള അടിമത്ത ഭാവം പ്രകടിപ്പിക്കാനാണ്.

'നിങ്ങൾ ദൈവത്തിന്റെ വർണം സ്വീകരിക്കുക; ദൈവത്തിന്റെ വർണത്തെക്കാൾ അതിസുന്ദരമായ വർണം മറ്റാരുടേതുണ്ട്? നാം അവനുമാത്രം വണങ്ങേണ്ടവരാണ്.'

'ദൈവത്തിന്റെ വർണം' എന്നാൽ അവന്റെ വ്യവസ്ഥിതി എന്നാണ് വിവക്ഷയെന്ന് ഇബ്നു കസീർ തന്റെ ഖുർആൻ വ്യാഖ്യാനത്തിൽ പറഞ്ഞിരിക്കുന്നു. മോസസ് പ്രവാചകനോട് ഇസ്രാഈല്യർ ദൈവത്തിന്റെ വർണമെന്തെന്ന് ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞിരുന്നു: 'വർണങ്ങളെല്ലാം അവന്റേതാണ്. കറുപ്പ്, വെളുപ്പ്, ചുകപ്പ്, പച്ച എന്നൊന്നുമില്ല.'

ചുരുക്കത്തിൽ, മനുഷ്യൻ സാഹചര്യങ്ങളുടെ സൃഷ്ടിയല്ല. നിയതമായ ദൈവിക നിയമവ്യവസ്ഥകൾക്ക് വിധേയനായി ജീവിതത്തെ നിയന്ത്രിക്കേണ്ടവനും ആ വഴിയിലൂടെ സഞ്ചരിക്കേണ്ടവനുമാണ്.

■